Regd/AD

# കേരളാ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമ ഉത്തരവ്

## ഹാജർ: വൈ. ശ്രീകുമാർ

വിഷയം: - ജീവനക്കാര്യം - ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയിലേക്ക് 22000-48000 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി നിയമനം നടത്തുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**ഉത്തരവ് നമ്പർ ഇ1-3650/2015/ഫാ&ബോ. തീയതി : 29/04/2019**

പരാമർശം : 1. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം - ൽ നിന്നും ലഭിച്ച 28.03.2019 ലെ സി2/266/18 നമ്പർ കത്ത്

2. ഈ ഓഫീസിലെ 06.04.2019 ലെ ഇതേ നമ്പർ കത്ത്

## ഉത്തരവ്

മേൽ പരാമർശപ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ കുമാരി. മേഘ. എം.എസ്, ആര്യ വിഹാർ, വലിയവിള, 16-ാം കല്ല്, ചുള്ളിമാനൂർ പി.ഒ.-യെ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് 22000-48000 രൂപ ശമ്പള സ്കെയിലിൽ 179 ദിവസത്തേക്ക് താൽക്കാലികമായി നിയമിച്ചിരിക്കുന്നു. ടി നിയമനം താൽക്കാലികവും 1958-ലെ കേരളാ സബോർഡിനേറ്റ് ചട്ടം 9(എ) പ്രകാരവുമായിരിക്കും. ടിയാളുടെ കാര്യനിർവ്വഹണത്തിൽ വീഴ്ചയുണ്ടായാൽ മുൻകൂർ അറിയിപ്പ് കൂടാതെ സർവീസിൽ നിന്നും പിരിച്ചു വിടുന്നതാണ്.

കുമാരി. മേഘ. എം.എസ്, ആര്യ വിഹാർ, വലിയവിള, 16-ാം കല്ല്, ചുള്ളിമാനൂർ പി.ഒ. ഈ നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഇനിയൊരറിയിപ്പ് ഇല്ലാതെ നിയമന ഉത്തരവ് അസാധുവാക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, ആരോഗ്യക്ഷമത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (30/06/2011 ലെ സർക്കാർ ഉത്തരവ് (P) No. 20/2011/P&ARD പ്രകാരമുള്ളത്) ആരോഗ്യ വകുപ്പിലെ ഒന്നാം ഗ്രേഡ് സിവിൽ സർജൻ/നാട്ടുചികിത്സാ വകുപ്പ് ഡയറക്ടർ നൽകിയത് എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ വിരലടയാളം പതിക്കേണ്ടതാണ്.

THE DIRECTOR OF FACTORIES & BOILERS ... KERALA

ഗവ. അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

കുമാരി. മേഘ. എം.എസ്, ആര്യ വിഹാർ, വലിയവിള, 16-ാം കല്ല്, ചുള്ളിമാനൂർ പി.ഒ

പകർപ്പ്:-

1. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം
2. ജെ.ഡി.(HQ)/എ.ഒ/എഫ്.ഒ/എസ്.എസ്/എല്ലാ ജെ.എസ്-മാർക്കും/സി.എ. ടു ഡി.എഫ്&ബി/ കരുതൽ ഫയൽ